"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 788 / 2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1888/2026/LSGD    തീയതി,തിരുവനന്തപുരം, 07-10-2026

---

പരാമർശം:-

1. ജി.ഒ(പി)നം. 32/2019/ധന തീയതി, 18.03.2019.
2. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 788/2008 നമ്പർ കേസിന്മേലുള്ള 29.06.2024 തീയതിയിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.03.2026 തീയതിയിലെ ഡി.സി.റ്റി.വി.എം/15821/2025-കെ15 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04.05.2026 തീയതിയിലെ എ3/2875/2025/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡ് വികസനവുമായി ബന്ധപ്പെട്ട എൽ.എ.ആർ 788/2008 നമ്പർ കേസിന്മേൽ 31/08/2026 വരെ അവശേഷിക്കുന്ന ബാലൻസ് വിധിക്കടത്തുകയായ 10,13,193/- രൂപ (പത്ത് ലക്ഷത്തി പതിമൂവായിരത്തി ഒരുനൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 4 പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - വഴയില റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ സർവെ നം. 127/15 (ബ്ലോക്ക് II)-ൽ ഉൾപ്പെട്ട 0.14 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽഎ.ആർ. 788/2008 നമ്പർ കേസിലെ 31/08/2026 വരെ അവശേഷിക്കുന്ന ബാലൻസ് തുകയായ **10,13,193/- രൂപ (പത്ത് ലക്ഷത്തി പതിമൂവായിരത്തി ഒരുനൂറ്റിതൊണ്ണൂറ്റിമൂന്ന് രൂപ മാത്രം)** ടി കേസിലെ കക്ഷിയായ ശ്രീമതി. പങ്കജം (ടി.സി 5/2405, കവടിയാർ, തിരുവനന്തപുരം) എന്നവർക്ക് '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന്

ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RADHA P M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട കക്ഷിക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി, തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/124/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 07-10-2026
14:44:23

സെക്ഷൻ ഓഫീസർ